**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6587** **21-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബിയിൽ എസ്റ്റിമേറ്റ് സമർപ്പിക്കാത്ത പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ബഡ്ജറ്റിൽ ഫണ്ട് അനുവദിച്ചിട്ടും ധനകാര്യ അനുമതിയ്ക്കായി കിഫ്ബിയിൽ എസ്റ്റിമേറ്റ് സമർപ്പിക്കാത്ത എത്ര പൊതുമരാമത്ത് പ്രവൃത്തികളാണ് കോഴിക്കോട് ജില്ലയിൽ നിലവിലുള്ളത്; | (എ) | കെ.ആർ.എഫ്.ബി യുടെ കീഴിൽ വരുന്ന പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു<br><br>ആർ.ബി.ഡി.സി.കെ. യ്ക്ക് കോഴിക്കോട് ജില്ലയിൽ 3 പ്രവർത്തികളാണുള്ളത്.<br><br>1. അമലാപുരി ആർ.ഒ.ബി - LC No.. 185<br><br>2. പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപ്പാസ്<br><br>3. ഇരിങ്ങൽ മൂരാട് ആർ.ഒ.ബി - LC No.211A<br><br>**1. അമലാപുരി**<br><br>അമലാപുരി ആർ. ഒ.ബി.യുടെ നിർമ്മാണം സർക്കാർ 27.04.2018 ൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി ആയി നിയമിക്കുകയും ചെയ്തു. പദ്ധതി 2002-03 ലെ റെയിൽവേയുടെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രവൃത്തി നടപ്പാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള ദക്ഷിണ റെയിൽവേ തയ്യാറാക്കിയ ലിസ്റ്റിൽ അമലാപുരി ആർ.ഒ.ബി. ഉൾപ്പെടുത്തിയിട്ടുണ്ട്. റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തുന്ന മുറക്കേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.<br><br>**2. പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപ്പാസ്**<br><br>പണ്ടാരപ്പറമ്പ്-.ഉണ്ടോടിക്കടവ് ബൈപ്പാസ് പദ്ധതി പ്രധാന റോഡുകളുമായി ബന്ധിക്കപ്പെട്ട ന്നില്ലാത്തതിനാൽ, പ്രസ്തുത പദ്ധതി എൻ.എച്ച് ന്റെ ഭാഗമായ പടനിലം, കാരന്തൂർ എന്നിവിടങ്ങളിലേക്ക് ദീർഘിപ്പിച്ച് 3 ഭാഗങ്ങളായി ചെയ്യുന്നതിന് പുതുക്കിയ ഭരണാനുമതി നൽകണമെന്ന് ആർ.ബി.ഡി.സി.കെ. |

| | | | |
|---|---|---|---|
| | | | അഭ്യർത്ഥിച്ചിരുന്നു. വിഷയത്തിൽ സർക്കാർ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.<br><br>**3. ഇരിങ്ങൽ മൂരാട് ആർ.ഒ.ബി**<br><br>03.02.2022 ൽ ഇരിങ്ങൽ മൂരാട് റെയിൽവേ മേൽപ്പാല പദ്ധതിക്ക് നടപ്പിലാക്കുന്നതിന് ആർ.ബി.ഡി.സി.കെ.-ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. സിൽവർലൈൻ പദ്ധതി നടപ്പാക്കുന്നത് ഈ പ്രദേശത്ത് കൂടി ആയതുമായി ബന്ധപ്പെട്ട അലൈൻമെന്റ് അന്തിമമായതിനു ശേഷമേ ഈ പദ്ധതിയുമായി മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളൂ എന്ന് റെയിൽവേ നേരത്തെ അറിയിച്ചിരുന്നു. എന്നാൽ പദ്ധതിയുമായി മുന്നോട്ട് പോകാമെന്ന് കെ.ആർ.ഡി.സി.എൽ 06.12.2022 ന് അറിയിച്ചു. ഇതേ തുടർന്ന് വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിന് വേണ്ടി നിയോഗിച്ച Velcity Consulting Engineers Pvt.Ltd, തയ്യാറാക്കിയ ജി.എ.ഡി.യും, ഡി.പി.ആർ ഉം സൂക്ഷ്മ പരിശോധന നടന്നുവരികയാണ്. ഡി.പി.ആർ ഉം ജി.എ.ഡി.യും അന്തിമമാകുന്ന മുറയ്ക്ക് തുടർനടപടികൾക്കായി കിഫ്ബിയിൽ നൽകാവുന്നതാണ്. |
| (ബി) | ആയതിന് കാലതാമസം നേരിട്ടതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത പദ്ധതികളുടെ തുടർനടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ബി) | കെ.ആർ.എഫ്.ബി യുടെ കീഴിൽ വരുന്ന പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു<br><br>ആർ.ബി.ഡി.സി.കെ. യ്ക്ക് കോഴിക്കോട് ജില്ലയിൽ 3 പ്രവർത്തികളാണുള്ളത്.<br><br>1. അമലാപുരി ആർ.ഒ.ബി - LC No.. 185<br><br>2. പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപ്പാസ്<br><br>3. ഇരിങ്ങൽ മൂരാട് ആർ.ഒ.ബി - LC No.211A<br><br>**1. അമലാപുരി**<br><br>അമലാപുരി ആർ. ഒ.ബി.യുടെ നിർമ്മാണം സർക്കാർ 27.04.2018 ൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി ആയി നിയമിക്കുകയും ചെയ്തു. പദ്ധതി 2002-03 ലെ റെയിൽവേയുടെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രവൃത്തി നടപ്പാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള ദക്ഷിണ റെയിൽവേ തയ്യാറാക്കിയ ലിസ്റ്റിൽ അമലാപുരി ആർ.ഒ.ബി. ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | റെയിൽവേ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തുന്ന മുറക്കേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.<br><br>**2. പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപ്പാസ്**<br><br>പണ്ടാരപ്പറമ്പ്-.ഉണ്ടോടിക്കടവ് ബൈപ്പാസ് പദ്ധതി പ്രധാന റോഡുകളുമായി ബന്ധിക്കപ്പെട്ടുന്നില്ലാത്തതിനാൽ, പ്രസ്തുത പദ്ധതി എൻ.എച്ച് ന്റെ ഭാഗമായ പടനിലം, കാരന്തൂർ എന്നിവിടങ്ങളിലേക്ക് ദീർഘിപ്പിച്ച് 3 ഭാഗങ്ങളായി ചെയ്യുന്നതിന് പുതുക്കിയ ഭരണാനുമതി നൽകണമെന്ന് ആർ.ബി.ഡി.സി.കെ. അഭ്യർത്ഥിച്ചിരുന്നു. വിഷയത്തിൽ സർക്കാർ അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.<br><br>**3. ഇരിങ്ങൽ മൂരാട് ആർ.ഒ.ബി**<br><br>03.02.2022 ൽ ഇരിങ്ങൽ മൂരാട് റെയിൽവേ മേൽപ്പാല പദ്ധതിക്ക് നടപ്പിലാക്കുന്നതിന് ആർ.ബി.ഡി.സി.കെ.-ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. സിൽവർലൈൻ പദ്ധതി നടപ്പാക്കുന്നത് ഈ പ്രദേശത്ത് കൂടി ആയതുമായി ബന്ധപ്പെട്ട അലൈൻമെന്റ് അന്തിമമായതിനു ശേഷമേ ഈ പദ്ധതിയുമായി മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളൂ എന്ന് റെയിൽവേ നേരത്തെ അറിയിച്ചിരുന്നു. എന്നാൽ പദ്ധതിയുമായി മുന്നോട്ട് പോകാമെന്ന് കെ.ആർ.ഡി.സി.എൽ 06.12.2022 ന് അറിയിച്ചു. ഇതേ തുടർന്ന് വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിന് വേണ്ടി നിയോഗിച്ച Velcity Consulting Engineers Pvt.Ltd, തയ്യാറാക്കിയ ജി.എ.ഡി.യും, ഡി.പി.ആർ ഉം സുക്ഷ്മ പരിശോധന നടന്നുവരികയാണ്. ഡി.പി.ആർ ഉം ജി.എ.ഡി.യും അന്തിമമാകുന്ന മുറയ്ക്ക് തുടർനടപടികൾക്കായി കിഫ്ബിയിൽ നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കെ.ആർ .എഫ്.ബി-പി.എം.യു

| ക്രമ. നം. | പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | അടിവാരം-കേളൻമൂല റോഡ് | പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തെ ചുമതലപെടുത്തിയിട്ടുണ്ട്. |
| 2 | ബാലുശ്ശേരി ബസ് സ്റ്റാൻഡ്-ബ്ലോക്ക് ബൈപാസ് റോഡ് | പ്രദേശ വാസികളുടെ എതിർപ്പ് മൂലം സർവ്വേ പ്രവൃത്തികൾ നിർത്തി വെക്കേണ്ടി വന്നു. ബദൽ അലൈൻമെന്റ് പ്രദേശ വാസികളുടെ എതിർപ്പ് ഒഴിവാക്കുന്ന തരത്തിൽ തീരുമാനിക്കേണ്ടതുണ്ട്. |
| 3 | കായപ്പനച്ചി-ചൂണ്ടിയിൽ പുതിയങ്ങാടി റോഡ് | പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഈ കാര്യാലയത്തിൽ നിന്നും പൊതുമരാമത്ത് ഡിസൈൻ വിങ്ങിലേക്ക് 01.12.2022 ൽ നൽകിയിട്ടുണ്ട്. |
| 4 | കല്ലാനോട്-വയലട-തലയാട് റോഡ് | അസാധാരണമായ കയറ്റിറക്കങ്ങൾ കാരണം പ്രവൃത്തി പ്രയോഗികമല്ലാത്തതിനാൽ കിഫ്ബി പരിഗണിച്ചിട്ടില്ല |
| 5 | കോവൂർ ചെമ്മൻതൊടി താഴം-അത്താണി റോഡ് | ബഡ്ജറ്റിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് റോഡ്സ് വിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി റോഡ്സ് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. |
| 6 | കൊയിലാണ്ടി-അഞ്ചാംപീടിക റോഡ് | പ്രസ്തുത പ്രവൃത്തി CRF പദ്ധതിയിൽ ഉൾപ്പെട്ടതാണ് |
| 7 | കൽപ്പത്തൂർ വായനശാല-കാപ്പുമ്മൽ റോഡ് | ജനസാന്ദ്രത കൂടുതലുള്ള പ്രദേശത്തുകൂടി ഭൂമി ഏറ്റെടുത്ത് വീതി കൂട്ടേണ്ടതിനാൽ ടി പ്രവൃത്തി തല്ക്കാലം പരിഗണിച്ചിട്ടില്ല. |
| 8 | പെരുവണ്ണാമുഴി-മുതുകാട് റോഡ് | തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന റോഡ് പ്രവൃത്തി പുരോഗമിക്കുന്നതിനാൽ കിഫ്ബി തല്ക്കാലം പരിഗണിച്ചിട്ടില്ല |
| 9 | പേരാമ്പ്ര-നൊച്ചാട്-തറമലങ്ങാടി റോഡ് | ജനസാന്ദ്രത കൂടുതലുള്ള പ്രദേശത്തുകൂടി ഭൂമി ഏറ്റെടുത്ത് വീതി കൂട്ടേണ്ടതിനാൽ ടി പ്രവൃത്തി കിഫ്ബി നിലവില് പരിഗണിച്ചിട്ടില്ല. |
| 10 | പേരാമ്പ്ര – പൈത്തോട് – താണിക്കണ്ടി – | പ്രസ്തുത റോഡിൽ ബഡ്ജറ്റ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളതിനാൽ കിഫ്ബി നിലവില് |

| | | |
|---|---|---|
| | താണിയോട്മുക്ക് റോഡ് | പരിഗണിച്ചിട്ടില്ല |
| 11 | പി യു കെ സി റോഡ് – സ്ട്രെച്ച്2 – Ch 17/600 മുതൽ 43/160 | പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ 07.05.2022 ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് പ്രകാരം പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുന്നതിന് ഡിസൈൻ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട് |